STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.582/PR/SPMC/PHQ/2021 Date :24.12.2021

# ശബരീശസന്നിധിയിൽ ഗാനമേള അവതരിപ്പിച്ച്

# കേരളാ പോലീസ് ഓർക്കസ്ട്ര സംഘം

ശബരീനാഥന്റെ തിരുസന്നിധിയിൽ കേരള പോലീസ് ഓർക്കസ്ട്ര നടത്തിയ ഭക്തിഗാന സുധ സ്വാമിമാരുടെ മനം കവർന്നു. സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് സി.എസ്.രവികുമാർ ഗാനമേള ഉദ്ഘാടനം ചെയ്തു. ശബരിമല സ്പെഷ്യൽ കമ്മീഷണർ എം.മനോജ്, തിരുവിതാം കൂർ ദേവസ്വം ബോർഡ് അംഗം പി.എം.തങ്കപ്പൻ, സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ ഡെപ്യൂട്ടി ഡയറക്ടർ വി.പി.പ്രമോദ് കുമാർ എന്നിവർ പങ്കെടുത്തു.

തത്ത്വമസി എന്ന വാക്കിന്റെ ആശയം പൂർണ്ണമായും ഉൾക്കൊണ്ട് ക്രൈംബ്രാഞ്ച് മേധാവി യും ശബരിമല പോലീസ് ചീഫ് കോർഡിനേറ്ററുമായ എ.ഡി.ജി.പി എസ്.ശ്രീജിത്തിന്റെ നേതൃ ത്വത്തിലാണ് പോലീസ് ഉദ്യോഗസ്ഥർ ഗാനാലാപനം നടത്തിയത്.

മണ്ഡല മഹോത്സവത്തിന് തിരശ്ശീല വീഴാൻ രണ്ടു നാൾ അവശേഷിക്കവെയാണ് അയ്യപ്പഭക്തരെ ഭക്തിസാഗരത്തിൽ ആറാടിക്കാൻ പോലീസ് ഓർക്കസ്ട്ര സംഘം എത്തിയത്. വൈകിട്ട് തിരുസന്നിധിയിൽ പോലീസിന്റെ വകയായുള്ള കർപ്പൂരാഴിക്ക് ശേഷമായിരുന്നു നടപ്പ ന്തലിലെ ഓഡിറ്റോറിയത്തിൽ ഭക്തിഗാനമേള അരങ്ങേറിയത്. പ്രശസ്ത ഗായകരുടെ സ്വര ത്തിൽ മലയാളികൾ പലവുരു കേട്ട നിരവധി ഗാനങ്ങളാണ് പോലീസ് സംഘം കാഴ്ചവച്ചത്. ജാതിമത ചിന്തകൾക്കതീതമായി എല്ലാ വിഭാഗത്തിലുമുള്ള ജനസമൂഹത്തോടുള്ള പോലീ സിന്റെ കരുതൽ കൂടിയായി ഈ ഗാനമേള.

ശബരിമല സന്നിധിയിൽ ആദ്യമായാണ് കേരളാ പോലീസ് ഓർക്കസ്ട്ര സംഘം ഗാന ങ്ങൾ അവതരിപ്പിക്കുന്നത്. പരിപാടിക്ക് മികച്ച പിന്തുണയാണ് ഭക്തരിൽ നിന്ന് ലഭിച്ചത്. പോലീസ് ആസ്ഥാനത്തെ സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ, പോലീസ് നാടക സംഘം എന്നി വർ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കി. എ.ഡി.ജി.പി എസ്.ശ്രീജിത്ത്, സബ്ബ് ഇൻസ്പെക്ടർ മുഹമ്മദ്റാഫി.പി, അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടർ ശ്യാംരഞ്ജി.ആർ.എസ്, സിവിൽ പോലീസ് ഓഫീസർ ശരത്.കെ.പി എന്നിവരാണ് ഗാനങ്ങൾ ആലപിച്ചത്. പോലീസ്

ഓർക്കസ്ട്ര ടീമിലെ ആർ.സി.ദിലീപ്, സജി ഫീൽഡ്.സി.റ്റി, രതീഷ്.വി.എസ്, ഷാബു, ജോണി ദേവ്.ഡി.പി, സുരേഷ് ബാബു.എ എന്നിവർ പിന്നണിയിൽ പ്രവർത്തിച്ചു.

******************************